(ബി) വിദ്യാഭ്യാസ ഉപജില്ലാടിസ്ഥാനത്തിൽ അത്തരം കെട്ടിടങ്ങളുടെ ലിസ്റ്റ് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 412.

(ബി) തിരുവനന്തപുരം നോർത്ത് — 33
" സൗത്ത് — 38
കണ്ണിയാപുരം — 50
കാട്ടാക്കട — 31
നെയ്യാറിൻകര — 22
ബാലരാമപുരം — 28
പാറശ്ശാല — 22
ആറ്റിങ്ങൽ — 43
കിളിമാനൂർ — 31
നെടുമങ്ങാട് — 45
പാലോട് — 36
വർക്കല — 33

ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങളുടെ മെയിൻറനൻസ്

956. [1400] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങളുടെ മെയിൻറനൻസ് നടത്തുന്നതിന് ഇപ്പോൾ എന്തു സംവിധാനമാണ് നിലവിലുള്ളത് ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ വാർഷിക മെയിൻറനൻസ് നടത്താത്ത സ്കൂൾ കെട്ടിടങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം മെയിൻറനൻസ് നടത്തുന്നു. അദ്ധ്യാപക-രക്ഷാകർതൃ സമിതിക്ക് പണി ഏറ്റെടുത്ത് ചെയ്യാവുന്നതാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

കാട്ടാക്കട, നെടുമങ്ങാട് ജില്ലകളിലെ സ്കൂളുകളുടെ മെയിൻറനൻസ്

957. [1401] ശ്രീ. കെ. പങ്കജാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86, 1986-87 എന്നീ വർഷങ്ങളിൽ വാർഷിക മെയിൻറനൻസ് നടത്താത്ത കാട്ടാക്കട, നെടുമങ്ങാട് വിദ്യാഭ്യാസ ഉപജില്ലകളിലെ ഗവൺമെന്റ് പ്രൈമറി, യു. പി., ഹൈസ്കൂൾ കെട്ടിടങ്ങളുടെ ഇനംതിരിച്ചുള്ള ലിസ്റ്റ് പ്രെളിപ്പെടുത്തുമോ ;

(ബി) അവയുടെ മെയിൻറനൻസ് നടത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly